

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 17 No.04 Newsletter April 2019



**“എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ”**

**(1കൊരി. 11:24)**

## *4th Anniversary in Heaven*



# VINOD J. C.

18-08-1978 to 8-04-2015

Hardware Systems Engineer, In DSP Audio Technologies, Bangalore

T.C. 11/1401, Bains Compound , Nanthencode
Thiruvananthapuram - 3

Father : J. T. Jayadas (Late). Retired Deupty Director, Local Fund Audit Dept.
Mother : S. R. Chandrika, Retired Deputy Inspector General, Registration Dept.
Brother : Binoj J.C., Project Consultant
Sister-in-Law : Dr. Jincy Binoj

# CHURCH VOICE

17th year of publication

**APRIL 2019**



**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer (Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website
www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**അ**പ്പോൾ രാത്രി ആയിരുന്നു (യോഹ. 13:30). ഇതിനു മുമ്പും രാത്രി വന്നിട്ടുണ്ട്. എന്നാൽ, ഈ രാത്രിക്ക് എന്താണ് സവിശേഷത? സുവിശേഷകനായ യോഹന്നാൻ ഈ പ്രസ്താവന നടത്താൻ കാരണമെന്ത്? യേശു ശിഷ്യന്മാരുമായി പെസഹ പങ്കിട്ട രാത്രി. ഒറ്റുകാരനായ യൂദാക്കും മേശ പങ്കിട്ട രാത്രി. ക്രിസ്തുവിന്റെ കരങ്ങളിൽ നിന്ന് അവസാനമായി യൂദ അപ്പഖണ്ഡം വാങ്ങി ഭക്ഷിച്ച രാത്രി. സാത്താൻ അവനിൽ പ്രവേശിച്ച രാത്രി. അതിനാൽ അത് ഭയനാകവും ദൈന്യവുമായ രാത്രി. ലോകത്തിന്റെ വെളിച്ചത്തിന്റെ മുമ്പിലും അകത്തെ ഇരുട്ടുമായി നടക്കുന്നവൻ ഇരുട്ടിലേക്ക് എഴുന്നേറ്റ് പോകും. ക്രിസ്തുവിൽ നിന്ന് അപ്പം വാങ്ങി ഇരുട്ടിലേക്ക് എഴുന്നേറ്റ് പോകും. ക്രിസ്തുവിൽ നിന്ന് അപ്പം വാങ്ങി ഇരുട്ടിലേക്ക് പോയ യൂദ ചില പാഠങ്ങൾ പഠിപ്പിക്കുന്നു.

**1. മുന്നറിയിപ്പ് അവഗണിച്ചു**

യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി റോഡിൽ ധാരാളം മുന്നറിയിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വാഹനയാത്രക്കാരും കാൽനടയാത്രക്കാരും മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും വേണം. അല്ലെങ്കിൽ അപകടം സുനിശ്ചിതം. "എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" എന്നും "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും" (യോഹ. 13:18,21) എന്നും യേശു മുന്നറിയിപ്പ് നല്കുന്നുണ്ട്. മനഃസാക്ഷിയെ തൊട്ടുണർത്തുന്ന മുന്നറിയിപ്പ്. തെറ്റെന്നറിഞ്ഞിട്ടും ചെയ്യാൻ ഒരുങ്ങുന്ന പാപം നിറഞ്ഞ ദുഷ്ടമനസ്സിൽ നിന്ന് പിന്മാറാനുള്ള അവസാന അവസരം ക്രിസ്തു അവന് നൽകുന്നു. പാപത്തിന്റെ ശമ്പളമായ മരണത്തെ അവൻ സ്വയം വരിക്കുന്നു. മുന്നറിയിപ്പ് അവഗണിച്ച് അവൻ ഇരുട്ടിലേക്ക് പോയി.

**2. അവസാന അവസരം നിരസിച്ചു.**

തന്നെ കാണിച്ചു കൊടുക്കുന്നത് ആർ എന്ന് യോഹന്നാൻ യേശുവിനോട് ചോദിക്കുന്നുണ്ട്. "ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ" എന്നാണ് ഉത്തരം. കിഴക്കൻ നാടുകളിൽ ആഹാരസമയത്ത് അതിഥികളുണ്ടെങ്കിൽ അതിലെ പ്രമുഖന് ഗൃഹനാഥൻ ഒരു കഷണം റൊട്ടി എടുത്ത് സോസിൽ മുക്കി നൽകുന്നത് പതിവാണ്. സൗഹൃദത്തിന്റെയും സ്വീകരണത്തിന്റെയും പ്രകടനമാണത്. ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ തീവ്രത വ്യക്തമായി അറിഞ്ഞുകൊണ്ടു തന്നെ യേശു യൂദയെ സ്നേഹിതനായി കൈക്കൊള്ളുന്നു. പാപത്തിൽ നിന്ന് പിന്തിരിയാനുള്ള അവസാന അവസരമാണ് അപ്പം നൽകൽ. എന്നാൽ ദൈവസ്നേഹത്തിന്റെ സാക്ഷിയും അനുഭവക്കാരനായിരുന്നിട്ടും യൂദ സ്വമനസ്സാലെ ഇരുട്ടിലക്ക് പോകുന്നു.

### 3. കാപട്യം മുഖമുദ്രയാക്കി

കൂട്ടത്തിൽ മതപ്രമാണിയായോ സാമൂഹ്യപ്രവർത്തകനായോ കപട ഭക്തിക്കാരനായി യൂദാസ് യേശുവിനോടൊപ്പം സഞ്ചരിച്ചു. യൂദാസിനു നൽകിയ മുന്നറിയിപ്പിന്റെ ഭാഗമായി “നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക” എന്നു യേശു പറയുന്നുണ്ട്. അതിന്റെ പൊരുൾ എന്തെന്ന് കൂട്ടുകാർ അറിഞ്ഞില്ല. “പണസഞ്ചി യൂദയുടെ പക്കൽ ആകയാൽ പെരുനാളിനു വേണ്ടുന്നതു മേടിപ്പാനോ ദരിദ്രർക്കു വല്ലതും കൊടുപ്പാനോ യേശു അവനോടു കല്പിക്കുന്നു എന്നു ചിലർക്കു തോന്നി” (യോഹ. 13:29). ക്രിസ്തുവിനോട് ഭക്തിയോ വിശ്വാസമോ ഇല്ലാത്ത യൂദാസ് പുറമേ നീതിമാനായി അഭിനയിച്ചു. അങ്ങനെയുള്ളവൻ ഇരുട്ടിലേക്കാണ്.

ഇരുട്ടിന്റെ അനുഭവം നമുക്ക് ഉണ്ടാകാതിരിക്കട്ടെ. നമ്മുടെ ഒരു രാത്രിയും ഭീകരമാകരുത്. വചനത്തിലൂടെ ക്രിസ്തു നല്കിയിരിക്കുന്ന മുന്നറിയിപ്പുകളെ അവഗണിക്കാതിരിക്കാം. കാപട്യമില്ലാതെ ജീവിക്കാം. ഏപ്രിൽ മാസത്തെ ധ്യാനങ്ങൾ അതിന് സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ജേക്കബച്ചൻ**



## പ്രതിവാര ധ്യാനം

**ഏപ്രിൽ 07 കഷ്ടാനുഭവ ഞായർ**

വിഷയം: **ക്രൂശും ശിഷ്യത്വത്തിന്റെ പുതിയ മാതൃകയും**

ഉല്പ. 26:12-33, 2 കൊരി 11:21-31, സങ്കീ 92, മർക്കൊ. 10:46-52

**ഏപ്രിൽ 14 ഹോശന്ന ഞായർ**

വിഷയം: **ഹോശന്ന : കർത്താവേ രക്ഷിക്കേണമേ**

സെഖ. 9:1-12, 1 തിമൊ 4:6-16, സങ്കീ 118:19-29, ലൂക്കൊ 19:29-40

**ഏപ്രിൽ 18 : പെസഹ വ്യാഴം**

വിഷയം: **യൂക്കറിസ്റ്റ്, കഷ്ടപ്പെടുന്ന മാനവരാശിയുടെ സംസർഗം**

പുറ. 12:1-7, 1കൊരി 11:23-34, സങ്കീ 116, മർക്കൊ. 14 :17-25

**ഏപ്രിൽ 21 ഈസ്റ്റർ**

വിഷയം: **പുനരുത്ഥാനം, അപരിമേയമായ രൂപാന്തരത്തിന്റെ ആഘോഷം**

2 ശമു. 22:1-20, 1 കൊരി 15:20-28, സങ്കീ. 16, മർക്കൊ. 16:1-11

**ഏപ്രിൽ 28**

വിഷയം: **ഉയിർത്ത കർത്താവിനാലുള്ള ശക്തീകരണം**

ഉല്പ. 28:10-23, അ. പ്ര. 20:7-12, സങ്കീ 29, യോഹ. 20:11-18

## എഡിറ്റോറിയൽ

# ധന്യമായ ജീവിതം

എല്ലാ ഞായറാഴ്ചകളിലും ആരാധനയ്ക്ക് പോകാറുള്ള സാം വിചിത്രമായൊരു കാഴ്ച കണ്ടു. വൃദ്ധയായൊരു സ്ത്രീ ഒരു കുളത്തിന്റെ കരയിലിരുന്ന് എന്തോ തുടച്ചു വൃത്തിയാക്കുന്നു. പതിവായി വൃദ്ധയെ കണ്ടപ്പോൾ ഒരു ദിവസം സാം അവരുടെ അടുത്ത് പോയി. വൃദ്ധമാതാവിന്റെ അടുത്ത് ഒരു ലോഹക്കൂട്. അതിൽ രണ്ട് ആമ ആ മാതാവിന്റെ മടിയിൽ മറ്റൊരു ആമ. ആ വൃദ്ധ വളരെ സ്നേഹപൂർവ്വം ആമയുടെ തോട് തുടച്ച് വൃത്തിയാക്കുന്ന കാഴ്ച കണ്ട് സാമിന് അതിശയമായി. അവൻ കുറെക്കൂടെ അടുത്ത് പോയി ഇരുന്ന് അപ്പോഴാണ് അവന് മനസിലായത് കുളത്തിൽ ഉള്ള ആമകൾ ഇഴഞ്ഞു മുകളിൽ വരുന്നു. അവയെ ലോഹക്കൂടിനകത്താക്കിയ ശേഷം ഓരോന്നായി എടുത്ത് അവയുടെ പുറന്തോടിൽ പറ്റിപ്പിടിച്ചിരിക്കുന്ന പായലും അഴുക്കും കളഞ്ഞതിനുശേഷം തിരികെ കുളത്തിലേക്ക് വിടുന്നു. അദ്ദേഹം ആ വൃദ്ധയോട് ചോദിച്ചു. അമ്മേ, താങ്കൾ ഓരോ ആമയുടെയും പുറം വൃത്തിയാക്കി തിരികെ കുളത്തിലേക്ക് വിടുന്നു. എന്താണ് ഇപ്രകാരം ചെയ്യുന്നത്” ആ വൃദ്ധമാതാവ് പറഞ്ഞു. “അതെ ഞാൻ ആമയുടെ പുറംതോട് വൃത്തിയാക്കുന്നു. അതിൽ പറ്റിയിരിക്കുന്ന പായലും അഴുക്കും, ആമയ്ക്ക് ചൂടു വലിച്ചെടുക്കാനുള്ള കഴിവ് കുറക്കുന്നു. അത് നീന്താനുള്ള കഴിവും കുറക്കുന്നു. ചിലപ്പോൾ ആ പുറംതോടിന്റെ ശക്തിയും കുറക്കുന്നു. “ഓ അതിശയമായിരിക്കുന്നു” സാം പറഞ്ഞു മാതാവ് തുടർന്നു പറഞ്ഞു. എല്ലാ ഞായറാഴ്ചകളിലും 2 മണിക്കൂർ ഞാൻ ഇപ്രകാരം വ്യത്യസ്തതയുള്ള ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്നാൽ സാമിനു അത് അത്ര പ്രയോജനമായി തോന്നിയില്ല. അദ്ദേഹം പറഞ്ഞു: ശുദ്ധജലത്തിലെ എല്ലാ ആമകളും ഇങ്ങനെയല്ലേ. പിന്നെന്തിനാ താങ്കൾ വിലപ്പെട്ടസമയം ഇപ്രകാരം പാഴാക്കുന്നത്. വൃദ്ധയായ മാതാവ് തന്റെ മടിയിൽ വച്ചിരുന്ന ആമയെ നോക്കികൊണ്ട് സാമിനോട് പറഞ്ഞു:

“മകനെ ഈ പാവം ആമക്കുഞ്ഞിനു സംസാരിക്കാൻ സാധ്യമായെങ്കിൽ അത് പറയുമായിരുന്നു. എന്റെ പുറംതോടിന്റെ അഴുക്കും പായലും മാറ്റി എന്റെ ലോകം മാറ്റി ഒരു പുതിയ ലോകമാണ് അമ്മ എനിക്കു പ്രദാനം ചെയ്യുന്നത്. ഈ അമ്മ ചെയ്യുന്ന പ്രവൃത്തിയുടെ ഫലമായി എന്റെ ഈ ലോകം മുഴുവനും മാറ്റിമറിച്ചിരിക്കുകയാണ്.

ഇത് തന്നെയാണ് ഈ നോമ്പുകാലത്തിൽ നാമും മനസിലാക്കേണ്ടത്.

എനിക്ക് കഴിവില്ല എന്നെകൊണ്ട് ഒന്നിനും കഴിയില്ല. ആർക്കും എന്നെ ആവശ്യം ഇല്ല എന്ന ചിന്ത ഉപേക്ഷിക്കൂ. നിങ്ങൾക്ക് ലോകത്തെ മാറ്റിമറിക്കാൻ സാധിക്കില്ലായിരിക്കാം. പക്ഷേ, നിങ്ങളുടെ ഒരു വാക്ക്, ഒരു തലോടൽ, ഒരു സാന്ത്വനവാക്ക് ഒരുവന്റെ ജീവൻ തന്നെ മാറ്റിമറിച്ചേക്കാം. ഓരോ ദിവസവും നന്മനിറഞ്ഞ പ്രവൃത്തി ചെയ്യാൻ അവസരം നമുക്കുണ്ടാകണം എന്നാകട്ടെ നമ്മുടെ പ്രാത്ഥന. സമയം തക്കത്തിൽ ഉപയോഗിക്കാൻ ദൈവം തമ്പുരാൻ സഹായിക്കട്ടെ.

മത്തായി 5:41 ൽ പറയുന്നപ്രകാരം "ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടും കൂടെ പോക"

1 തെസ്സലോനിക്യർ 5:14

"ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ, ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ. ബലഹീനരെ താങ്ങുവിൻ. എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ"

ഈ നോമ്പുകാലം കൊച്ചുകൊച്ചു നന്മകൾ ചെയ്യാനുള്ള കാലം ആകട്ടെ. അപ്രകാരം ആരുടെയെങ്കിലും ലോകം മാറ്റിമറിക്കാൻ നമ്മിലൂടെ സാധ്യമായാൽ ധന്യമാണ് ഈ ജീവിതം.

**വത്സ ഡി. എസ്.**

---

<u>ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ</u>

**ഏപ്രിൽ 2019 – സദൃശവാക്യങ്ങൾ 16-31**

1. യഹോവയ്ക്ക് ഹനനയാഗത്തേക്കാളും ഇഷ്ടം എന്ത്?
2. ശലോമോൻ രാജാവിന്റെ ചില സദൃശവാക്യങ്ങൾ ശേഖരിച്ചത് ഏതു രാജാവിന്റെ ആളുകൾ?
3. കയ്പ്പുള്ളതൊക്കെയുംമധുരമായി തോന്നുന്നതാർക്ക്?
4. മനസ്സിനു മധുരവും അസ്ഥികൾക്കു ഔഷധവും എന്ത്?
5. നീതികെട്ട അധരങ്ങൾക്കു ശ്രദ്ധ കൊടുക്കുന്നതാരു?
6. നമ്മുടെ മക്കൾ നമുക്ക് ആശ്വാസമായിത്തീരുകയും മനസ്സിന്നു പ്രമോദം വരുത്തുകയും ചെയ്യുന്നതെപ്പോൾ?
7. മരണവും ജീവനും ഏതു അവയവത്തിന്റെ അധികാരത്തിൽ ഇരിക്കുന്നു?
8. കഴുകൻ ആകാശത്തേക്ക് എന്നപോലെ ചിറകെട്ടുത്തു പറന്നുകളയുന്നതെന്ത്?
9. ശലോമോന്റേതു കൂടാതെ സദൃശവാക്യങ്ങളിൽ രണ്ടു വ്യക്തികളുടെ വചനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവർ ആരൊക്കെ?
10. ഒരു ഭവനം സ്ഥിരമായിവരുന്നതെങ്ങനെ?

## Secretary's Report



Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

As informed in the February issue of Church voice, our church - the God given gift - needs emergency repair at its roof. The 112 year old (mostly) wooden reepers are worn out due to ageing and the tiles which are resting on the weak reepers poses serious threat to the congregation assemble for worship services. The work is progressing on a war footing. As members of this church we are given a blessed opportunity by God to repair the church roof by getting involved in this major cause through your prayers and also offering the requisite funds to finish this important work urgently.

**1. Church Committee Meeting**

In March, regular Church Committee meeting was held on 10th March 2019 Sunday.

**2. Accounts for the month of February 2019**

The receipts and payments for the month of February 2019 is published at page nos. 22 to 27 of this issue.

**3. Dues List**

The dues list of monthly subscription (sangham offertory) of members for the year 2018-19 and the total arrears of each member was prepared by the Church committee and published on 17th March 2019. The members were alerted through SMS and phone messages besides announcements made in the Sunday worship service to remit the dues.

**4. Circle Prayers**

During the month 28 circle prayers were conducted.

**5 .Bible Study**

The church committee decided to conduct Bible Study on all Mondays at 6 pm along with vestry prayer. Our presbyters lead the Bible study. All are requested to avail this great opportunity.

**6. Retreat**

The Gospel band of M M Church had organised one day retreat for inspiring the members on the task of missionary work on March 23rd 2019 at TJM hall. Seventy members including the members of our mission centres attended the retreat. The retreat was presided over by Rev. D Jacob, Prebyter-in-charge M M Church. The main speaker of the retreat was Rev. J S Wilfred (former Bishop's secretary). Sri. T Jayakumar Alfred, Secretary Gospel band took sincere efforts to conduct the retreat successfully.

**7. Financial Assistance to Churches**

1 Hope Rasalam CSI Church Niramankara
Rs.5000/-

2. Arampally CSI Church Elavattam
Rs.10000/-

**8. Poor Fund**

The following beneficiaries were selected for availing poor fund/Aid.

A. Medical Help

1. B. Lilly MM Church, Fno.1513 Rs.1200/-

| | |
|---|---|
| 2. B. Rajan Eruthavoor | Rs.5000/- |
| 3. C. Preetha Amboori | Rs.5000/- |
| 4. Vijayamma C Mylam | Rs.5000/- |
| 5. Selvaraj P Elamchira | Rs.5000/- |
| 6. T.Sathyaraj Perinbakonam | Rs.5000/- |
| 7. Sarala, Manja | Rs.1000/- |
| 8. Solomon Vakkam | Rs.1000/- |
| 9. Dharma Raj Cherukkode | Rs.10000/- |
| 10. Lilly Varghese MM Church, Charachira | Rs.5000/- |
| 11. Jemeela Thempenangodi | Rs.1000/- |
| 12. S. VijayakumariKuttamala | Rs.5000/- |
| B. Education Help | |
| 1. Stervin Prakash CSI Fosterpuram, BD Student | Rs.10000/- |
| 2. Y.Krishankutty MM Church, Chenkalchoola | Rs.2000/- |
| 3. Ammalin A. R., Vazhuthoor | Rs.5000/- |
| 4. Salomy , Palode | Rs.2000/- |
| 5. T. K. AjiKumar Kannamoola, BD Student | Rs.10000/- |
| 6. D. Samkutty Keezheyikkonam | Rs.5000/- |
| 7. John P. Mathew Nagarcoil, BD Student | Rs.10000/- |
| C.House Maintenance Help | |
| 1. Bijil Kumar Kudayal | Rs.20000/- |

**8. Construction of Damaged Compound Wall**

The compound wall of MM Church sexton's quarter's adjacent to our cemetery was damaged few years back. Restoration of damaged compound wall could not be taken up for a long time due to certain reasons. However by God's grace we could construct the damaged compound wall behind sexton's quarters and dedicated on 19.3.2019. This was possible with the permission of South Kerala Diocese for which we place our deep appreciation and gratitude to Bishop and Office bearers of SKD.

**9. Marriages**

One marriage, solemnized on 4th March 2019 belonged to a member of another CSI church.

**10. Obituary**

"Mrs. Agnes Padma Bai (family no. 373) was called to eternal rest on 25.03.2019 and funeral was held on the same day at M M Church cemetery.

Heartfelt condolences to the bereaved family

**11. Birthday Greetings/Wedding Anniversary**

Church committee extends bright and blessed birthday wishes and wedding anniversary greeting to all our beloved members who celebrated birthday and wedding anniversary in the month of March 2019.

May God our father and the Lord Jesus Christ give you all grace and peace.

A very Happy Easter

**Dr. Thampi Sam Raj Y C**
**Church Secretary**



റവ. പ്രവീൺരാജ്

# നാഥാ ക്രൂശിലേക്കെന്നെ ആകർഷിച്ചാലും

**യേ**ശുവിന്റെ കുരിശ് ഒരു അത്യാഹിത ചിഹ്നമല്ല. ക്രൂശീകരണം ഒരു അത്യാഹിതവുമല്ല. യേശുവിന്റെ ജീവിതം തന്റെ 33-ാം വയസിൽ അതിന്റെ പൂർണ്ണതയിൽ പൂത്തുലഞ്ഞ ഇടമാണ് കുരിശ്. യേശുവിന്റെ സമസ്ത പ്രവർത്തനങ്ങളുടെയും സംക്ഷിപ്ത രൂപമാണ് കുരിശ്. യേശുവിന്റെ നിലപാടുകൾക്കും, സമീപനങ്ങൾക്കും ലോകം കരുതി വച്ചിരുന്നതാണ് കുരിശ്. കുരിശിലേക്ക് നാം ശ്രദ്ധിച്ച് നോക്കുന്തോറും നാം ആ ക്രിസ്തുവിലേക്ക് വലിച്ച് അടുപ്പിക്കപ്പെടും. കുരിശിനെ വ്യാഖ്യാനിക്കുന്നത് ക്രിസ്തുവിന്റെ ജീവിതവും, ക്രിസ്തുവിന്റെ ജീവിതത്തെ വ്യാഖ്യാനിക്കുന്നത് കുരിശുമാണ്. ഈ ക്രൂശിലേക്ക് ആകർഷിക്കപ്പെടുന്നവർ ആത്മബലിയായി സമർപ്പിക്കപ്പെടും. തങ്ങളുടെ ആത്മബലിയിലൂടെ അവർ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറും.

**1. കുരിശ് : വളരാനുള്ള സാദ്ധ്യതയുടെ പ്രഘോഷണം**

Cross : Proclamation of Possibilty for Growth

റോമർ 5:8 - ൽ എഴുതുന്നു "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" ദൈവത്തിന്റെ പ്രവൃത്തി ക്രിസ്തുവിലൂടെ വെളിപ്പെടുത്തുകയായിരുന്നു. ക്രിസ്തുവിലേക്കും അവന്റെ കുരിശിലേക്കും ഒരാൾ ആകർഷിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ പ്രവൃത്തി അവനിലൂടെ ലോകത്തിന് വെളിപ്പെടേണ്ടതാണ്. കാൽവരിയിലേക്കുള്ള നോട്ടം ഫലദായകമായ ഒരു ജീവിതം നാം നയിക്കേണ്ടതിന്റെ ഓർമ്മപ്പെടുത്തൽ നൽകും.

ബിഷപ്പ് ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് എഴുതുന്നു "മനുഷ്യജീവിതത്തെ പലപ്പോഴും തരം താഴ്ത്തുന്നത് നമ്മുടെ അലസത കലർന്ന ഇടുങ്ങിയ മനഃസ്ഥിതിയാണ്. 'ഇത്രയൊക്കെ മതി' എന്ന മട്ടിൽ നാം പലപ്പോഴും ആയിത്തീരാറുണ്ട്. കുരിശിന്റെ ദർശനം നമുക്കിനിയും വളരാനുള്ള സാദ്ധ്യതയെ പ്രഘോഷിക്കുന്നു. ഇനിയും എത്തിച്ചേരാനുള്ള ഇടങ്ങളുണ്ട് എന്ന് കുരിശ് നമ്മെ ഓർമ്മിപ്പിക്കുന്നു" കുരിശിലേക്ക് നാം ആകർഷിക്കപ്പെടുമ്പോൾ താത്കാലിക നേട്ടങ്ങൾക്കുവേണ്ടി തിന്മയോട് ഒരിക്കലും സന്ധി ചെയ്യുവാൻ നമുക്കാവില്ല. കുരിശ് നമുക്ക് വിലയരുത്തലിന്റെ അളവുകോലാണ്. അകലം പാലിക്കേണ്ടതിനോട് അകലം പാലിക്കാനും, ചെയ്യാൻ പാടില്ലാത്തത് ഒരിക്കലും ചെയ്യാതിരിക്കാനുമുള്ള ജീവിതത്തിന്റെ പ്രേരണാശക്തിയാണ് കുരിശ്.

ഈ ജീവിതയാത്രയിൽ നമുക്ക് ക്ഷീണിച്ചുപോകാതെ കുരിശിലേക്ക് നോക്കി യാത്ര ചെയ്യാം. എബ്രാ. 12:1-2 വാക്യങ്ങളിൽ നാം വായിക്കുന്നു. "സകലഭാരവും മുറുകെ പറ്റുന്നപാപവും വിട്ടു നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കയും ചെയ്തു." യേശുവിനെ നോക്കിയുള്ള ക്രൂശ് ലക്ഷ്യമാക്കിയുള്ള ഈ യാത്രയിൽ റോബർട്ട് ഫ്രോസ്റ്റ് തന്റെ കവിത "Stopping by woods on a snowy evening" -ൽ ഓർമ്മിപ്പിക്കുംപോലെ "Miles to go before I Sleep"

**2. കുരിശ് : ഒരു മനഃപൂർവ്വ തിരഞ്ഞെടുപ്പ്**

Cross: A Deliberate Choic

കുരിശിന്റെ അർത്ഥം ബോദ്ധ്യമാകണമെങ്കിൽ രണ്ട് ചോദ്യങ്ങൾ കുരിശിലേക്ക് നോക്കി ചോദിക്കണമെന്ന് ഫാദർ ബോബി ജോസ് കട്ടിക്കാട് ഓർമ്മപ്പെടുത്തുന്നു (1) Who is in the cross ( ആരാണ് കുരിശിൽ?) (2) Why is he in the cross? (അവൻഎന്തിനാണ് കുരിശിൽ?) യേശുവിന് തന്റെ തിരഞ്ഞെടുപ്പുകൾക്കും മുൻഗണനകൾക്കും വേണ്ടി നൽകേണ്ടി വന്ന വിലയാണ് കുരിശ്. ഒറ്റപ്പെട്ട കരച്ചിലുകൾക്ക് ചെവികൊടുത്തും, ശബ്ബത്ത് മനുഷ്യ നന്മക്കായി ലംഘിച്ചും, ചില തൊട്ടുകൂടാത്തതും തള്ളപ്പെട്ടതുമായ ജന്മങ്ങളെ സ്പർശിച്ചും അവൻ മനഃപൂർവ്വം തിരഞ്ഞെടുത്തതാണ് കുരിശ്. അത് ഒരു മനഃപൂർവ്വമായ തിരഞ്ഞെടുപ്പായിരുന്നു. It was a deliberate choice.

ഈ ക്രൂശിനെ മനഃപൂർവ്വം തിരഞ്ഞെടുത്ത് ഈ ഭൂവിനെ പ്രകാശിതമാക്കിയ ഒത്തിരിപേരുണ്ട്. ആധുനിക ലോകത്തിലെ അതിപ്രശസ്ത ദൈവശാസ്ത്രജ്ഞരിൽ ഒരാളാണ് ജർമ്മൻ ദൈവശാസ്ത്രജ്ഞനായ ബോൺഹോഫർ. ഹിറ്റ്ലറിന്റെ നാസിഭരണ കൂടത്തിനെതിരെ അദ്ദേഹം ശക്തമായി നിലപാട് എടുത്തതിന്റെ ഭാഗമായി 1945 ൽ തന്റെ 39-ാം വയസിൽ അദ്ദേഹം തൂക്കിലേറ്റപ്പെട്ടു. 22-ാം വയസ്സിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ അദ്ദേഹം അമേരിക്കയിലെ തന്റെ സൗകര്യപ്രദമായ അദ്ധ്യാപകജോലി ഉപേക്ഷിച്ച് ജർമ്മനിയിൽ വന്ന് പീഡിതർക്കായി പോരാടി. അദ്ദേഹം കുറിച്ചു. "When Jesus Calls person he calls him/her to come and die" വർണ്ണവിവേചനത്തിന് എതിരെ ഒരു ജീവിതം മുഴുവൻ പോരാടിയ വൈദീകനായിരുന്നു മാർട്ടിൻ ലൂഥർ കിംഗ് 1968 ഏപ്രിൽ 3 ന് ജനിച്ചു. കറുത്ത വർഗ്ഗക്കാരായ തന്റെ സഹമനുഷ്യരോട് അദ്ദേഹം അവസാനം നടത്തിയ പ്രസംഗത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു "എല്ലാവരെയും പോലെ ഞാനും ഈ ലോകത്തിൽ ഒരു ദീർഘകാലജീവിതം ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ ഞാൻ അതേക്കുറിച്ച് ആകുലനല്ല. ഞാൻ പർവ്വതത്തിന് മുകളിൽ നിൽക്കുന്നു. ഞാൻ വാഗ്ദത്തനാട് കണ്ടിരിക്കുന്നു. നിങ്ങളോടൊപ്പം ഒരുപക്ഷെ ഞാൻ അവിടെ എത്തുകയില്ല. പക്ഷെ

ഒരു ജനം എന്ന നിലയിൽ നാം അവിടെ എത്തും. ഞാൻ ആരെയും പേടിക്കുന്നില്ല. വീണ്ടും വരുന്ന കർത്താവിന്റെ മഹത്വം എന്റെ കണ്ണ് കണ്ടിരിക്കുന്നു" ഈ വിഖ്യാതമായ പ്രസംഗം കഴിഞ്ഞ് തൊട്ടടുത്ത ദിവസം (1968 ഏപ്രിൽ 4) അദ്ദേഹം വെടിയേറ്റ് മരിച്ചു.

കുരിശ് ഒരു തെരഞ്ഞെടുപ്പാണ്. അത് മനഃപൂർവ്വമായ ഒരു തെരഞ്ഞെടുപ്പാണ്. "ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ" ജപ്പാൻകാരനായ കൊസുകെ കൊയാമ എന്ന ദൈവശാസ്ത്രജ്ഞന്റെ പ്രശസ്തമായ ഗ്രന്ഥമാണ് "No handle on the cross" അതിൽ അദ്ദേഹം പറയുന്നു, ക്രൂശ് ഒരു ബ്രീഫ്കേസ് പോലെ പിടിയിൽ തൂക്കികൊണ്ട് നടക്കാനാവില്ല. ആധുനിക പെട്ടികൾപോലെ ഉരുട്ടികൊണ്ടുപോകുവാനോ, വലിച്ചുകൊണ്ടുപോകുവാനോ കുരിശിന് പിടിയില്ല. ക്രൂശ് ചുമലിലേറ്റി അതിന്റെ ഭാരവും വേദനയും വഹിച്ചുകൊണ്ട് നടക്കേണ്ടതാണ്. ലൂക്കൊ. 14:27 ൽ പറയുന്നു "തന്റെ ക്രൂശ് എടുത്ത്കൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയില്ല"

**3. കുരിശ് : ഒരു വൈപരീത്യമാണ്**

Cross: A Paradox

കുരിശിന്റെ ഒന്നാമത്തെ വൈപരീത്യം അഥവാ വൈരുദ്ധ്യത ബലഹീനതയിൽ പകരുന്ന ശക്തിയാണ് (Strength out of weakness) ക്രൂശിന്റെ യാത്രയിൽ കർത്താവ് ഏറെ ക്ഷീണിതനായി, ശരീരം ബലഹീനമായി എങ്കിലും അവിടുന്ന് കണ്ടിവെണ്ണ കലർത്തിയ വീഞ്ഞ് കുടിക്കുന്നില്ല. സാഹചര്യങ്ങൾ എതിരാകുമ്പോഴും അവൻ അവയ്ക്കെതിരെ ദൈവശക്തിയാൽ പോരാടുന്നു. ബലഹീനതയിൽ ദൈവം പകരുന്ന ശക്തിയാണ് ക്രൂശനുഭവം.

2കൊരി 4:8-11 ൽ പൗലോസിന്റെ അപ്പൊസ്തല ശുശ്രൂഷയിൽ നേരിട്ട അനുഭവങ്ങളും അവയിൽ കൂടിയുള്ള വിജയവും രേഖപ്പെടുത്താനായി ചില വൈരുദ്ധ്യാതിഷ്ഠിതമായ പ്രസ്താവനകൾ നടത്തുന്നു. "ഞങ്ങൾ സകലവിധത്തിലും കഷ്ടതകൾ സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല; യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു" പീഡനങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യെ വിജയകരമായ ക്രിസ്തീയ ശുശ്രൂഷ നിർവ്വഹിക്കാൻ പൗലോസിനെ ശക്തീകരിച്ചത് ക്രൂശിലേക്കുള്ള നോട്ടമാണ്. നമ്മുടെ ബലഹീനതകളുടെ മദ്ധ്യേ നമുക്കും നോക്കാം ഈ കുരിശിലേക്ക്.

രണ്ടാമത്തെ വൈരുദ്ധ്യം പരിഹാസങ്ങളുടെ മദ്ധ്യേ ഉയരുന്ന സാക്ഷ്യ

*ശേഷം 20 -ാം പേജിൽ കാണുക...*

**ലേഖനം**

# വിജയത്തിന്റെ മാറ്റൊലി

**ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം**

**മ**രണത്തിന്മേലുള്ള ദൈവത്തിന്റെ വിജയമാണ് യേശുവിന്റെ ഉയിർത്തെഴുന്നേല്പു, അഥവാ ഉദ്ധാനം. മാനവജാതിയെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രോഗത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിച്ചു നിത്യ ജീവൻ നല്കാനായി യേശു ക്രൂശിൽ മരിച്ചു, കല്ലറയിൽ അടക്കപ്പെട്ടു, മൂന്നാം നാൾ ഉയിർത്തഴുന്നേറ്റു എന്നത് ചരിത്രസംഭവമാണ്. ക്രിസ്തീയ വിശ്വാസ ത്തിന്റെ കാതലായ അടിസ്ഥാനമാണ്. മരണത്തെ പരാജയപ്പെടുത്തി, ജയാളി യായി യേശു ഇന്നും ജീവിക്കുന്നു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് ആനന്ദ അനുഭൂതിയും, നവജീവനും, സ്വർഗ്ഗീയ പ്രത്യാശയും ലോകത്തിന് പകർന്നു നല്കി. ക്രൂശിലേക്കുള്ള യേശുവിന്റെ യാത്രക്ക് വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ട്: എല്ലാവരെയും പിതാവിങ്കലേക്ക് നയിക്കുക, നഷ്ടപ്പെട്ട ബന്ധം പുനഃസ്ഥാപി ക്കുക, സത്യമായി തന്നെ അനുഗമിക്കുന്നവരെ സ്വർഗരാജ്യത്തിൽ എത്തിക്കുക, ദൈവിക പദ്ധതി ഭൂമിയിൽ പൂർത്തീകരിക്കുക. യേശു പറഞ്ഞു: “എന്നെ അയ ച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നത് തന്നെ എന്റെ ആഹാരം” (യോഹ. 4:34). കർത്താവിന്റെ ഈ താല്പര്യത്തോട് നമ്മുടെ പ്രതി കരണം എന്താണ്?

മണ്ണിന്റെയും വിണ്ണിന്റെയും ആഘോഷം

പുനരുദ്ധാനം വിജയത്തിന്റെ മഹോത്സവമാണ്. രക്ഷണ്യപ്രവർത്തിയുടെ അടി സ്ഥാന പ്രമാണമാണ് ഉയിർത്ത ക്രിസ്തു. “പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി” (മത്തായി 28:2) മണ്ണിനെയും വിണ്ണിനെയും കോരിത്തരിപ്പിച്ച ഒരു അപൂർവ്വ അത്ഭുതമാണ് ഉയിർത്തെഴുന്നേല്പ്.

“ക്രിസ്തുയിർത്തു ഹല്ലെലൂയ്യാഃ
ഭാഗ്യമേറും നാളിതു
നിത്യജീവൻ മനുഷ്യർക്ക്
രക്ഷകൻ സമ്പാദിച്ചു”

**തുറന്നു കിടക്കുന്ന കല്ലറ** ക്രിസ്തുവിന്റെ തുറക്കപ്പെട്ട കല്ലറ ലോകത്തിന്റെ മുമ്പിൽ ഒരു സാക്ഷ്യവും വെല്ലുവിളിയുമായി നിലനിൽക്കുന്നു. ആഴ്ചവട്ട ത്തിന്റെ ഒന്നാംനാൾ അതിരാവിലെ കല്ലറക്കൽ പോയ സ്ത്രീകളോട് ദൂതൻ: “ഭയപ്പെടേണ്ട; .............. ക്രൂശിക്കപ്പെട്ട യേശു.... ഇവിടെ ഇല്ല; താൻ പറഞ്ഞതു

പോലെ ഉയിർത്തെഴുന്നേറ്റു..." (മത്തായി 28:5, 6). ഭയത്തിന്റെ ആത്മാവിൽ നിന്നുള്ള മോചനമാണ് യഥാർത്ഥ സ്വാതന്ത്ര്യം.

ക്രിസ്തുവിന്റെ ഉയിർപ്പ് ലോകത്തിന് സ്വാതന്ത്ര്യവും സമാധാനവും പങ്കുവച്ചു. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷത ശിഷ്യന്മാർക്ക് ആത്മ ധൈര്യവും ശക്തിയും പകർന്നു. ശൂന്യമായ കല്ലറയും, ദൂതന്മാരുടെ സാക്ഷ്യ വും, ശിഷ്യന്മാരുടെ ധൈര്യവും ഉയിർപ്പിന്റെ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കു ന്നു. ക്രിസ്തുവിന്റെ ഉയിർപ്പാണ് വിശ്വാസിയുടെ ജീവിതത്തെ അർത്ഥവത്താ ക്കുന്നത്. ഈസ്റ്റർ നാം കൊണ്ടാടുമ്പോൾ, യേശുക്രിസ്തു മരണത്തെ ജയിച്ചു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റത് സർവ്വ ലോകത്തിന്റെയും രക്ഷക്കാണെന്ന് ബോധ്യം നമ്മിൽ ദൃഢമായിത്തീരണം. നമ്മുടെ നാലു ചുവരുകൾക്കുള്ളിൽ ഈ യാഥാർത്ഥ്യം നാം ഒതുക്കി വച്ചിരിക്കുകയാണ്. ഈ ചരിത്ര സംഭവം തിന്മയുടെ മേൽ നന്മയുടെ വിജയമാണ്. ഇരുളിന്മേൽ വെളിച്ചം ഉദിച്ചിരിക്കു ന്നു. ദുരന്തങ്ങളുടെ പ്രളയകാലങ്ങൾക്കപ്പുറം സുകൃതങ്ങളുടെ മഴവില്ലുണ്ടെന്ന് ഉയിർപ്പു നമ്മെ ഓർമ്മപ്പെടുത്തുന്നു. ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വാഗ്ദത്തമാണ് മത്തായി 28:20 ൽ നാം വായിക്കുന്നത് : "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്." അറി യാത്ത നാളെയിലേക്ക് പദം ഊന്നാൻ ഉയിർപ്പിന്റെ ഉത്സവം നമ്മെ ശക്തരാ ക്കുന്നു; ക്രിസ്തു സാന്നിദ്ധ്യം നമ്മിൽ പ്രത്യാശ ഉളവാക്കുന്നു.

**മരണത്തിന്മേൽ വിജയം**

ക്രിസ്തീയ വിശ്വാസങ്ങളിലെ അവകാശവാദങ്ങളിൽ ഏറ്റവും ശ്രേഷ്ഠ മായത് അരുമനാഥനായ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണ്. മനുഷ്യച രിത്രത്തിൽ മറ്റാരും അങ്ങനെ അവകാശപ്പെട്ടിട്ടില്ല. ക്രിസ്തു മരണത്തെ കീഴ്പ്പെ ടുത്തി ഉയിർത്തെഴുന്നേറ്റു എന്നുമാത്രമല്ല, മനുഷ്യരാശിയുടെ മേൽ മരണ ത്തിനുള്ള അധികാരത്തെ തകർത്തു. ക്രിസ്തീയ സഭ ഈ മഹൽ സംഭവത്തെ ആഘോഷിക്കുന്നു. ഓരോ ദൈവപൈതലിന്റെയും ആഘോഷമാണിത്. പൗലൊസിന്റെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു യേശുവും അവന്റെ പുനരുദ്ധാ നവുമായിരുന്നു. "ഹേ മരണമേ, നിന്റെ ജയം എവിടെ? (1 കൊരി 15:56) എന്നു അവൻ പ്രാഗത്ഭ്യത്തോടെ വെല്ലുവിളിച്ചു. കാൽവരി ക്രൂശിൽ യാഗബലിയാ യിത്തീർന്ന യേശുവിന്റെ തിരുശരീരത്തെ മരണത്തിനോ കല്ലറയ്ക്കോ കീഴട ക്കാൻ കഴിഞ്ഞില്ല. ജീവനില്ലായ്മയുടെയും ജീർണതയുടെയും ഇടം വിട്ടു സജ്ജീവവും ചലനാത്മകവും ആയ ജീവന്റെ അവസ്ഥയിലേക്ക് യേശു മാറ്റ പ്പെട്ടു. നിശ്ചലത മാറിപ്പോയി; സചേതനമായ ജീവന്റെ ഉറവിടമായി മാറിയിരി ക്കുന്നു. യേശു ഇന്നും ജീവിക്കുന്നു.

ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രഖ്യാപനം

"ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കു ന്നതെന്തു? നിങ്ങളെ വിട്ടു സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗ

ത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ അവൻ വീണ്ടും വരും" (അപ്പൊ. 1:11). യേശുവിന്റെ ശുശ്രൂഷയും ജീവിതവും ക്രൂശീകരണവും ഉയിർപ്പും സ്വന്തം ജീവിതത്തിന്റെ രക്ഷയുടെ അടിസ്ഥാനമായി വിശ്വാസത്താൽ ഏറ്റുപറഞ്ഞു ജീവിക്കുന്നവർക്ക് മാത്രം അവകാശപ്പെട്ടതാണ് ഈ പ്രത്യാശ. "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ പോകുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന്, പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ 14:2,3). ഭൗതിക ശരീരത്തിൽ ജീവിച്ച കാലത്ത് താൻ ആരംഭിച്ച ശുശ്രൂഷ പിതാവാം ദൈവത്തിന്റെ നിയോഗപ്രകാരം തുടർന്നു ചെയ്യേണ്ടതിന് നിശ്ചയമായും യേശു മടങ്ങിവരും. ന്യായാധിപനായി യേശു വീണ്ടും വരും. യേശുവിനെ സ്വീകരിക്കാൻ നാം ഒരുക്കമോ?

**നിത്യതയെക്കുറിച്ചുള്ള ഓർമ്മപെടുത്തൽ**

യേശു പറഞ്ഞു: "ഞാൻ നല്ല ഇടയൻ: നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (യോഹ. 10:11). ഇത് വെറും പ്രഖ്യാപനമല്ലായിരുന്നു. ഈ വാഗ്ദത്തം യേശു തന്റെ സ്വന്തം ജീവിതത്തിലൂടെ നിറവേറ്റി. മനുഷ്യന്റെ വാക്കുകളും വാഗ്ദത്തങ്ങളും പരാജയപ്പെടുമ്പോൾ, അണുവിട വ്യതിചലിക്കാതെ വാഗ്ദത്തങ്ങൾ പൂർണമായും നിറവേറ്റുവാൻ യേശു വിശ്വസ്തനാണ്. തന്റെ ജീവിതത്തിലെ എല്ലാ വസ്തുതകളും യേശു ശിഷ്യന്മാരോടും കൂടെയുള്ളവരോടും പങ്കുവച്ചിട്ടുള്ളതാണ്. എന്നാൽ, തക്ക സമയത്ത് അത് ഓർക്കുന്നതിനും വിശ്വസിക്കുന്നതിനും അവർക്ക് സാധിച്ചില്ല. "താൻ പറഞ്ഞതുപോലെ യേശു ഉയിർത്തെഴുന്നേറ്റു" (വാക്യം 6). ഇത് തിരുവചന നിവൃത്തിയും ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ പൂർത്തീകരണവുമാണ്. മരണത്തോടുകൂടെ എല്ലാം അവസാനിക്കുന്നില്ല എന്ന സത്യം ഉയിർത്തെഴുന്നേല്പിലൂടെ യേശു തെളിയിച്ചിരിക്കുന്നു. ജയാളിയായ കർത്താവ് ഇന്നും തന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ വസിക്കുന്നു.

**നമ്മിൽ വസിക്കുന്ന ഉദ്ധാനം ചെയ്ത യേശു**

ഉയിർത്തെഴുന്നേറ്റ യേശു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മ ശക്തി പ്രാപിച്ചവനാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി. "ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ" (റോമർ 6:4). മരിച്ചവരിൽ നിന്നു ഉദ്ധാനം ചെയ്ത യേശു ഇന്ന് ആത്മ ശരീരത്തിൽ ജീവിക്കുന്നു. നമ്മുടെ മരണാനന്തരം യേശുവിനോടുകൂടെയാണ് നാം നിത്യത ചെലവഴിക്കുന്നത്. ഇപ്പോൾ നാം യേശുവിന് വിധേയപ്പെടുകയും അവന്റെ ആത്മാവ് നമ്മിൽ വസിക്കുകയും ചെയ്താൽ, നിത്യതയിൽ പൂർണമായി അനുഭവിക്കാനിരിക്കുന്ന ആത്മ ജീവിതത്തിലേക്ക് നാം പ്രവേശിക്കുന്നു. അതാണ് പുതുജനനം. ആത്മീയമായി ജനിക്കുന്നവർ ഉദ്ധാനം ചെയ്ത യേശുവിനോടുകൂടെ ജീവിക്കും. "ക്രിസ്തു യേശു മരിച്ചവൻ; മരി

ച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു" (റോമർ 8:34)

"യേശു മാറാത്തവൻ
യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നും എന്നും കൂടെയുള്ളവൻ...."

**ഉയിരിന്റെയും ഉടലിന്റെയും സംയോഗം**

ഉയിർത്തെഴുന്നേല്പു ഉയിരിന്റെയും ഉടലിന്റെയും എഴുന്നേല്പാണു. ജനനത്തിങ്കൽ ആരംഭിക്കുന്നതോ, മരണത്തിൽ അവസാനിക്കുന്നതോ ആയ സത്യമല്ല ഉയിരും ഉടലും. യേശുവിന്റെ ഉയിർപ്പ്, ജീവന്റെ നിത്യതയെക്കുറിച്ചും മരണത്തിന്റെ താത്കാലികതെയുറിച്ചുമുള്ള ദൈവത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു (യോഹ 20:19). അവർക്ക് പിന്നെ അടങ്ങിയിരിക്കാനായില്ല. അവർ ഉജ്വലരായി, ഊർജ്വസ്വലരായി. അവർക്ക് രൂപാന്തരം നല്കിയ ക്രിസ്തുവിന്റെ ശക്തരായ പ്രഘോഷകരായി ലോകമെങ്ങും സാക്ഷികളായി. നാമോ? ഉയിർത്തെഴുന്നേറ്റ യേശു പരിധികൾക്ക് അതീതനായി സർവ്വവ്യാപിയായി ഇന്നും ജീവിക്കുന്നു. സത്യമായി തന്നെ അനുഗമിക്കുന്നവർ എവിടെ പോയാലും അവരോടൊപ്പം താനും ഉണ്ടായിരിക്കും. സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും ഉള്ള യേശു നമ്മെ ഓരോരുത്തരേയും നമ്മുടെ ഇഹലോകജീവിതത്തിലും മരണാനന്തരവും നമ്മെ രക്ഷിക്കുന്നു. പരിപാലിക്കുന്നു. മരണയോർദ്ദാൻ കടന്ന് ഉയിർത്തെഴുന്നേറ്റ് നമ്മുടെ മദ്ധ്യത്തിൽവസിക്കുന്ന യേശു തന്നിൽ ആശ്രയിക്കുന്നവരെ മണ്ണിൽ കാത്തു സൂക്ഷിച്ചു വിണ്ണിൽ എത്തിക്കും നിശ്ചയം. ഉയിർപ്പിന്റെ ഈ ഉദ്ധാന പ്രത്യാശയിൽ നമുക്ക് മുന്നേറാം.

വീണ്ടെടുപ്പിന്റെ ഈ ഉദ്ധാന പ്രത്യാശയിൽ നമുക്ക് മുന്നേറാം.

**വീണ്ടെടുപ്പിന്റെ സൗരഭ്യം**

ഇന്നും മനുഷ്യഹൃദയങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന ഒന്നാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പു. ലോക ചരിത്രത്തെ രണ്ടായി വിഭജിച്ച ഈ സംഭവം മാനവരാശിയുടെ വീണ്ടെടുപ്പിന്റെ സൗഭാഗ്യമാണ്. സകല മനുഷ്യരുടെയും രക്ഷകനായി മനുഷ്യപുത്രൻ കനിഞ്ഞു നല്കിയ ത്യാഗത്തിന്റെ സന്ദേശം. "മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പ. 4:12)

രക്ഷണ്യ പ്രവർത്തന പൂർത്തീകരണത്തിന്റെ പരിമളമായ പുനരുദ്ധാനത്തിന്റെ ചൈതന്യം ഉൾകൊണ്ട് ക്രിസ്തു ശിഷ്യരായി ദൈവേഷ്ടം നമ്മുടെ ജീവിതത്തിൽ നമുക്ക് നിറവേറ്റാം.

കഥ

# അമ്മ അവനെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചു



**അജി റ്റി. വിനോദ്**

**ഒ**രു ഗ്രാമത്തിൽ ഒരു പാവപ്പെട്ട സ്ത്രീ ജീവിച്ചിരുന്നു. അവൾക്ക് 2 കുട്ടികളുണ്ടായിരുന്നു.... ജിനവും ജീനയും. ആ സ്ത്രീയുടെ ഭർത്താവ് മരിച്ചു പോയതുകൊണ്ട് കുട്ടികളെ വളർത്തേണ്ട ചുമതല അവൾക്കായി. ആ സ്ത്രീ ദൈവഭക്തിയുള്ളവളായിരുന്നു. ആയതിനാൽ വളരെ ചെറുപ്പത്തിൽ തന്നെ തന്റെ 2 കുട്ടികളെയും സണ്ടേസ്കൂളിൽ വിടുകയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കുയും ചെയ്തിരുന്നു. ജീവിതത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും രോഗങ്ങളും ഭാരങ്ങളും വരുന്ന വേളകളിൽ ദൈവത്തിന്റെ സന്നിധിയിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ദൈവം അതിന് ഉത്തരം നൽകും എന്ന് സ്ത്രീ തന്റെ 2 കുട്ടികളെയും പഠിപ്പിച്ചു.

